റെക്സിൻ, പി. വി. സി. എന്നിവ കൊണ്ടുള്ള ഉൽപ്പന്നങ്ങളെ ഖാദി ഉൽപ്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്താൻ നടപടി

29 [703] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെക്സിൻ, പി. വി. സി. എന്നിവ കൊണ്ടുള്ള ഉൽപ്പന്നങ്ങളെ ഖാദി ഉൽപ്പന്നങ്ങളുടെ പട്ടികയിൽപെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധമായി വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) റെക്സിൻ, പി. വി. സി. എന്നിവ കൊണ്ടുള്ള ഉൽപ്പന്നങ്ങളെ ഗ്രാമ വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോളിമർ രാസ വസ്തുക്കളെ അടിസ്ഥാനമാക്കിയുള്ള ഗ്രാമ വ്യവസായങ്ങളുടെ കീഴിലാണ് ഇവയെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ബാലുശ്ശേരിയിലെ പഴ സംസ്കരണ കേന്ദ്രത്തിലെ തസ്തികകൾ

30 [704] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന പഴ സംസ്കരണ പരിശീലന കേന്ദ്രത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിക്കഴിഞ്ഞുവോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്താമോ;

(ബി) ഈ കേന്ദ്രത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്;

(സി) നാളികേരാധിഷ്ഠിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിന് എന്തെങ്കിലും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന് നാളികേര ഡവലപ്പ്മെന്റ് ബോർഡിൽ നിന്ന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ബാലുശ്ശേരി ഫുഡ് പ്രോസസ്സിംഗ് ആന്റ് ന്യൂട്രിഷൻ സെന്ററിലെ എല്ലാ തസ്തികകൾക്കും സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയിട്ടില്ല. ഡയറക്ടർ തസ്തിക സംബന്ധിച്ച സ്പെഷ്യൽ റൂൾസ് നിർദ്ദിഷ്ട കേരളാ സ്റ്റേറ്റ് റൂറൽ ഡവലപ്മെന്റ് സർവ്വീസ് റൂൾസിൽപ്പെടുത്തിയും, ടെക്നിക്കൽ അസിസ്റ്റന്റ്, ലബോറട്ടറി അറ്റൻഡർ

LIBRARY ARCHIVES Kerala Legislative Assembly

എന്നീ തസ്തികകളുടെ സ്പെഷ്യൽ റൂൾസ് നിർദ്ദിഷ്ട കേരള സ്റ്റേറ്റ് റൂറൽ ഡവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽപ്പെടുത്തിയും തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 1057 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്;

(സി) ബാലുശ്ശേരി ഫുഡ് പ്രോസസ്സിംഗ് ആന്റ് ന്യൂട്രിഷൻ സെന്റർ ഡയറക്ടർ ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് നാളികേര ഡവലപ്മെന്റ് ബോർഡിൽ നിന്ന് സഹായമൊന്നും ലഭിച്ചിട്ടില്ല.

മാർജിൻ മണി സ്കീമിൻപ്രകാരം ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ

31 [705] ശ്രീ. തോമസ് ഉണ്ണിയാടൻ:

,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദിബോർഡിന്റെ കീഴിൽ എത്ര സ്ഥാപനങ്ങൾ മാർജിൻ മണി സ്കീമിൻപ്രകാരം ആരംഭിച്ചിട്ടുണ്ട്;

(ബി) എത്ര ആളുകൾക്ക് ഈ പദ്ധതിയിലൂടെ തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എത്ര രൂപ മാർജിൻ മണി ഗ്രാന്റായി നൽകിയിട്ടുണ്ട്;

(ഡി) ഈ സ്കീമിൽ ആരംഭിച്ച യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റിനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക തുക എത്രയാണ്;

(ഇ) ഈ കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2153 യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 25724 പേർ.

(സി) 25.26 കോടി രൂപ.

(ഡി) 31-3-2003 വരെയുള്ള കാലയളവിൽ അനുവദിച്ച 38 യൂണിറ്റുകൾക്ക് 51.15 ലക്ഷം രൂപ കുടിശ്ശിക ഉണ്ട്;

(ഇ) പ്രസ്തുത യൂണിറ്റുകളെ അംഗീകരിക്കുവാനും തുക അനുവദിച്ചുകിട്ടുന്നതിനുമായി ഖാദി കമ്മീഷനുമായി ബന്ധപ്പെട്ടിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക തീർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly